## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.376 10/03/2015-ൽ മറുപടിക്ക്**

# അധികമായി ഉൽപ്പാദിപ്പിച്ച വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ്<br>,,കോവൂർകുഞ്ഞുമോൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്; | (എ) 36.06 MW വൈദ്യുതി. |
| (ബി) എത്ര പുതിയ പവർ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു; | (ബി) 8പുതിയ പവർ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു. |
| (സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, പഴയ ലൈനുകളുടെ റീകണ്ടക്ടറിംഗ് നടത്തുക തുടങ്ങിയ പ്രവൃത്തികളാണ് നടപ്പാക്കി വരുന്നത്. അതനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും ഒൻപത് 110 കെ.വി.സബ്സ്റ്റേഷനുകളും, രണ്ട് 66 കെ.വി. സബ്സ്റ്റേഷനുകളും, ഇരുപത് 33 കെ.വി. സബ്സ്റ്റേഷനുകളും പൂർത്തിയായി. കൂടാതെ |

(...2)

482.91Km. ലൈൻ നിർമ്മാണവും പൂർത്തിയായി. സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസരണ പദ്ധതികൾ, മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം 39 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതിൽ രണ്ട് സബ്സ്റ്റേഷനുകൾ ഇതിനകം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

**സെക്ഷൻ ഓഫീസർ**